ഉത്തരം

(എ) ആലപ്പുഴ ജില്ലാ കളക്ടർ അപേക്ഷ സമർപ്പിച്ചിട്ടില്ല. എന്നാൽ കേരള വാട്ടർ അതോറിറ്റി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി ആന്റ് സി) കേരള വാട്ടർ അതോറിറ്റി 28-6-2003-ൽ അപേക്ഷ സമർപ്പിച്ചിരുന്നു. ഭൂമി നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

ഡെപ്യൂട്ടി കളക്ടർമാരുടെ തസ്തികകൾ

245 [2299] ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ റവന്യൂ വകുപ്പിൽ ഡെപ്യൂട്ടി കളക്ടർമാരുടെ എത്ര തസ്തികകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള ഡെപ്യൂട്ടി കളക്ടർമാരിൽ നേരിട്ടും തസ്തികമാറ്റം വഴിയും നിയമനം ലഭിച്ചവർ എത്രപേരുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കേരളത്തിൽ റവന്യൂ വകുപ്പിൽ ഡെപ്യൂട്ടി കളക്ടർമാരുടെ 116 തസ്തികകൾ ഉണ്ട്.

(ബി) നിലവിലുള്ള ഡെപ്യൂട്ടി കളക്ടർമാരിൽ നേരിട്ട് നിയമനം ലഭിച്ചവർ 18 പേരും തസ്തികമാറ്റം വഴി നിയമനം ലഭിച്ചവർ 113 പേരും ഉണ്ട്. (നേരിട്ട് നിയമനം ലഭിച്ചവരിൽ 6 പേർ ഡെപ്യൂട്ടേഷനിലും ഒരാൾ ലീവിലും തസ്തികമാറ്റം വഴി നിയമനം ലഭിച്ചവരിൽ 2പേർ ഡെപ്യൂട്ടേഷനിലും 2 പേർ സസ്പെൻഷനിലും 4 പേർ ലീവിലും തുടരുന്നു.)

പഠനാവശ്യത്തിന് നൽകുന്ന ജാതി സർട്ടിഫിക്കറ്റിലെ പോരായ്മകൾ പരിഹരിക്കാൻ നടപടി

246 [2300] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളുടെ പഠനാവശ്യത്തിന് താലൂക്ക് ആഫീസുകളിൽ നിന്നും ജാതി സർട്ടിഫിക്കറ്റ് നൽകുമ്പോൾ ഓരോ സ്ഥാപനത്തിന്റെയും പേര് കാണിച്ച് സർട്ടിഫിക്കറ്റ് നൽകുന്ന സംവിധാനം വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതു പരിഹരിക്കുന്നതിന് തഹസിൽദാർ നൽകുന്ന ജാതി സർട്ടിഫിക്കറ്റിൽ ഉപരിപഠനത്തിന് എന്ന് രേഖപ്പെടുത്തി നൽകാനും പ്രസ്തുത സർട്ടിഫിക്കറ്റിന് മൂന്നു വർഷത്തെ പ്രാബല്യം നൽകാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

മണൽവാരൽ നിയന്ത്രണം

247 [2301] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണൽവാരൽ ആക്ടിലെ 30-ാം വകുപ്പ് അനുസരിച്ച് നദികളുടെ സംരക്ഷണം ഉറപ്പു വരുത്തുന്നതിനും ലഭ്യമായ മണലിന്റെ അളവ് തിട്ടപ്പെടുത്തുന്നതിനുമായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ബി) ഇത് സംബന്ധിച്ച് സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് നടത്തിയ പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഈ പഠനത്തിന് സർക്കാർ എന്തു തുക ചെലവഴിച്ചു;

(സി) ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച എസ്. ആർ. ഒ.-കളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ജില്ലാ കളക്ടറും മറ്റ് റവന്യൂ ഉദ്യോഗസ്ഥരും മണൽവാരൽ നിയന്ത്രിക്കുന്നതിനും തടയുന്നതിനും എന്ത് നടപടികൾ സ്വീകരിച്ചുവരുന്നു;

(ഇ) ഇവർ ഏത് നിയമപ്രകാരം എന്ത് തുകയാണ് അനധികൃതമണൽ പിടിച്ചെടുക്കുമ്പോൾ ചുമത്തുന്നത്; വിശദാംശം വ്യക്തമാക്കാമോ;

(എഫ്) മറ്റ് സംസ്ഥാനത്ത് നിന്നും കൊണ്ടുവരുന്ന മണലിന് ചുമത്തുന്ന ഫൈൻ എത്ര; ഏത് നിയമപ്രകാരമാണ് ഈ ഫൈൻ ഈടാക്കിവരുന്നത് എന്ന് വ്യക്തമാക്കുമോ;

(ജി) സംസ്ഥാനത്താകമാനം ഓരോ ദിവസവും എത്ര ലോറി മണൽ വിപണനം നടക്കുന്നു; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കാമോ;

(എച്ച്) അനധികൃത മണൽ വ്യാപാരം നിയന്ത്രിക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; എങ്കിൽ ഏതെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly